**കവർസ്റ്റോറി**

○


**ഡോ. കെ. അഹ്മദ് അൻവർ**



# ശാസ്ത്രമെന്ന ചർച്ച്

**'ഭ്രാന്തന്മാർ'**, 'കിറുക്കന്മാർ' എന്നെല്ലാം ആദ്യം പരിഹസിക്കപ്പെടുന്ന ചില അസാധാരണക്കാരുടെ മനോനിലവാരത്തിലേക്ക് ഓരോ കാലഘട്ടത്തിലെയും സാമാന്യജനം എത്തിപ്പെടാൻ കാലം പിടിക്കും. 'നോർമൽ' എന്നത് സാമാന്യ ഗുണവിശേഷങ്ങളുടെ ശരാശരി മാത്രമാണ്. 'നോർമലിൽ'നിന്ന് കുറച്ചങ്ങോട്ടോ ഇങ്ങോട്ടോ തെറ്റിയെങ്കിൽ അത്, അല്ലെങ്കിൽ അയാൾ ശരിയല്ലാതാവുകയില്ല. ഒരുപക്ഷേ അയാളായിരിക്കും നാളെ ജനനായകനാകാൻ പോകുന്ന പ്രതിഭ. ഇന്ന് മൂഢജനം അയാളെ വഴിതെറ്റിയവനായി കണക്കാക്കാമെങ്കിലും ഒരു ഘട്ടം വരും; അയാൾ പറഞ്ഞതിൽ, ചെയ്തതിൽ, വിമർശിച്ചതിൽ, എതിർത്തതിൽ ശരിയില്ലേ എന്ന് സന്ദേഹിക്കുന്ന ആളുകളുടെ സംഖ്യ അന്ന് കൂടും.

ഇരുപതാം നൂറ്റാണ്ടിലെ സാമാന്യജനങ്ങളുടെ ശാസ്ത്രത്തെക്കുറിച്ച ധാരണകളിലും അമിത വിശ്വാസത്തിലും അപകടം പതിയിരിക്കുന്നുണ്ടെന്ന ചില കിറുക്കന്മാരുടെയെങ്കിലും സൂചനകൾ അർഥവത്തായിരുന്നു എന്ന് തോന്നിപ്പിക്കുന്ന മാറ്റങ്ങൾ ബൗദ്ധിക മണ്ഡലങ്ങളിൽ കണ്ടു തുടങ്ങിയിരിക്കുന്നു. ശാസ്ത്രത്തിന്റെ ശാഠ്യമായിരുന്ന മൂല്യനിരപേക്ഷ വസ്തുനിഷ്ഠത അത്രക്കഭികാമ്യമോ എന്ന് ആദ്യം തോന്നിയവരിൽ ആറ്റം ബോംബിന്റെ ഉപജ്ഞാതാക്കളിലൊരാളായ ഓപൻഹീമറും ഉണ്ടായിരുന്നിരിക്കണം. ഏത് പ്രതിസന്ധിയിലും ഒരു ഭിഷഗ്വരൻ പാലിക്കാൻ നിർബന്ധി



വെനൂന

തനാകുന്ന 'ക്ലിനിക്കൽ നിസ്സംഗത' (Clinical detachment) അഭികാമ്യവും സൃഷ്ടിപരവുമായേക്കാം. പക്ഷേ, അടിസ്ഥാന ശാഖാ ഗവേഷണങ്ങളിലെ മൂല്യ നിരപേക്ഷത പലപ്പോഴും സാംസ്കാരികമായ അധഃപ തന ഹേതുവാകാം. ഒന്നാം ലോക യുദ്ധാനന്തരം ചില ചിന്തകരെങ്കിലും ശാസ്ത്രത്തിന്റെ ഈദൃശ ദൂഷ്യവശ ങ്ങളിലേക്ക് വിരൽ ചൂണ്ടിയിട്ടുണ്ട്.

പറഞ്ഞുകൊണ്ടുവരുന്നത് മറ്റൊരു കോണിലൂടെ വിശദീകരിക്കാൻ ശ്രമിക്കാം. വികാരം വിചാരത്തിന് വഴി പ്പെടണമെന്ന തത്ത്വം ശരിതന്നെ. പക്ഷേ, വിചാരം, വികാരങ്ങളെ പരിപൂർണമായും ത്യജിക്കണമെന്ന സിദ്ധാന്തം വൈരാഗി (സന്യാസി)യുടേതാണെങ്കിലും ശാസ്ത്രജ്ഞന്റെതാണെങ്കിലും തെറ്റാണ്. മാനുഷിക മൂല്യങ്ങൾ നയിക്കുന്ന സദ്വികാരങ്ങളായ ദയ, ദീനാ നുകമ്പ, സ്നേഹം, ത്യാഗ മനോഭാവം എന്നിവ പോലും ശാസ്ത്ര ഗവേഷണ ഫല ങ്ങളെ നിർണയിക്കുന്നതിൽ ഇടപെട്ടുകൂടാ എന്ന കടുംപിടുത്തമാണ്, ലോക യുദ്ധ ങ്ങളിലേക്കും തുടർന്നു സാർലൗകികമായി നാം കണ്ട ഹിംസകളിലേക്കും നയിച്ച ത്.

* * * *

വിഘടിത വ്യക്തിത്വം (split personality) എന്ന മനോരോഗത്തിന്റെ ഒരു ഘട്ടത്തെ സിഗ്മണ്ട് ഫ്രോയ്ഡ് വിളിച്ചത് ഒറ്റപ്പെടൽ (isolation) എന്നാണ്. ചിന്തയും വികാരവും പരസ്പര ബന്ധം മുറിയുന്ന പ്രതിഭാസം. ഇഗോ (ego)യുടെ ഒരു പ്രതി രോധഭാവമാണത്. ഏതെങ്കിലും ഒരു സംഭവത്തെയോ പ്രവൃത്തിയെയോ ആശയ ത്തെയോ വ്യക്തി വൈകാരികമായി കരിച്ചുകളയുന്നു; അത് തന്റെ അനുഭവത്തിന്റെ ഭാഗമാകാതിരിക്കാനായി. ഇഗോക്കന്യമായ, ഭീഷണമോ അസ്വീകാര്യമോ ആയ ചോദ നകളെ നേരിടാൻ സഹായകമാണിത്. ആ സംഭവമോ പ്രവൃത്തിയോ ആശയമോ വിസ്മരിക്കപ്പെടുന്നില്ല; അതിന്റെ വൈകാരിക സംവേദനക്ഷമതയെ നിഹനിച്ച ശേഷ മാണ് സ്മൃതിയിലേക്കതിനെ ചേർക്കുന്നത്.

പക്ഷേ, ഈ വിഘടനം മാനസിക രോഗത്തിന്റെ വിത്തുപേറുന്ന ഒരുതരം കാപ ട്യമാണ്; ആത്മവഞ്ചനയും. സക്രിയമായ പ്രതികരണം ആവശ്യപ്പെടുന്ന ഹിംസക ളെയും കൂട്ടക്കൊലകളെയും ഇതുപോലെ വ്യക്തികളും സമൂഹങ്ങളും വിഘടിപ്പിച്ച് അവഗണിക്കാറുണ്ട്. അല്ലാതെ മുന്നോട്ടുള്ള ജീവിതം അസാധ്യമായേക്കാം. ഇന്ത്യാ വിഭജനത്തോടും ഗുജറാത്ത് കലാപത്തോടും ഇപ്പോൾ ഇറാഖിലെ ദുരന്തത്തോടും അനുബന്ധിച്ചും എത്രയോ ഉദാഹരണങ്ങൾ കാണാൻ കഴിയും.

* * * *

നമ്മുടെ കാലഘട്ടത്തിൽ രാഷ്ട്രീയ പ്രസംഗങ്ങളും എഴുത്തുകളും ന്യായീക രിക്കാനാവാത്തതിനെ ന്യായീകരിക്കാനാണ് ശ്രമിക്കുന്നത്. കോളനിവത്കരണം, സാമ്രാജ്യാധിനിവേശങ്ങൾ തുടങ്ങിയ ക്രൂരതകളെ ന്യായീകരിക്കാനുപയോഗിക്കുന്ന ഭാഷ പക്ഷേ, ഭംഗിവാക്കുകളാൽ ഭരിതമാണ്. ഇത്തരം രാഷ്ട്രീയ വാദഗതികൾ യഥാർഥ ചോദ്യങ്ങൾക്കുത്തരം നൽകാതെ അവ്യക്തതകളിലഭയം തേടാറാണ് പതി വ്. നിരായുധരും സ്വയം പ്രതിരോധിക്കാൻ കഴിവില്ലാത്തവരുമായ ഗ്രാമീണർക്കു

മേൽ മുകളിൽനിന്ന് ബോംബുകൾ വീഴും; ഇതിന് പേര്, സമാധാനം പുനഃസ്ഥാപിക്കൽ! അവർ അഭയാർഥികളായി നാടുകൾ തെണ്ടും; അവിടങ്ങളിലും അവർക്ക് മെഷീൻ ഗണ്ണുകളെയും മൈനുകളെയും നേരിടേണ്ടിവരും; ഇതിന് പേര് ജനതയുടെ കൈമാറ്റമെന്നോ അതിർത്തി പുനർനിർണയമെന്നോ ആകാം. വിചാരണയില്ലാതെ വർഷങ്ങളോളം ആളുകളെ ജയിലിൽ പാർപ്പിക്കുന്നതിന്റെയോ ഗ്വാണ്ടനാമോയിലെയോ ധ്രുവ പ്രദേശങ്ങളിലെയോ ക്യാമ്പുകളിലേക്ക് സുനിശ്ചിത മരണത്തെ നേരിടാൻ അയക്കുന്നതിന്റെയോ പേര്, അനഭിമതരായ ഭീകരരെ ഒഴിവാക്കൽ എന്ന്!

ചിന്തയെ ശുദ്ധീകരിക്കാനും ഹിംസയെ വെള്ളപൂശാനുമായി ഇംഗ്ലീഷ് ഭാഷയെ ഇങ്ങനെ ഉപയോഗിക്കുന്നതിനെതിരെയാണ് 1940-കളിൽ ജോർജ് ഓർവെൽ ആഞ്ഞടിച്ചത്. സർവാധികാര പ്രവണത കാണിക്കുന്ന വ്യക്തിയെ എറിക് ഫ്രോം വിശേഷിപ്പിച്ചത് സ്വപീഡാ-പരപീഡാ (സാഡോ-മസോക്കിസ്റ്റ്) വാസനയുള്ള, യാന്ത്രികവും നീക്കുപോക്കില്ലാത്തതും വിഘടിതവുമായ ചിന്തയുടെ ഉടമസ്ഥൻ എന്നായിരുന്നു. വ്യക്തികളെയും സംഘങ്ങളെയും വെറും വസ്തുക്കളായി കാണുകയാണ് ഫാഷിസം ചെയ്യുന്നത്. മാക്ക്യ വെല്ലിയും അഡോൾഫ് ഹിറ്റ്ലറും എറിക്മാനും ഇത്തരം വിഘടിത വ്യക്തിത്വങ്ങളുടെ ഉടമകളായിരുന്നു.


* * * *

ഇത്രയും പരത്തിപ്പറഞ്ഞത് ഇതിനായിരുന്നു: ഇത്തരം വിഘടനം ആധുനിക ശാസ്ത്രത്തിൽ സ്ഥാപനവത്കരിക്കപ്പെട്ടു. ശാസ്ത്രീയ വീക്ഷണത്തിന്റെ സവിശേഷതകളായി വ്യവഹരിക്കപ്പെട്ടത് വസ്തുനിഷ്ഠത, സയുക്തികത, മൂല്യനിരപേക്ഷത എന്നിവയായിരുന്നു. വ്യക്തിത്വ വിഘടനത്തിനുള്ള, മേൽചൊന്ന മനുഷ്യന്റെ കഴിവിനെ പരമാവധി ആശ്രയിക്കുന്നവയായിരുന്നു ഈ ആശയങ്ങൾ. ഈ വിഘടന മാർഗം തന്നെയാണ്, അല്ലാതെ ഉദ്ഗ്രഥനമല്ല, മനുഷ്യന്റെ ആത്മ സാക്ഷാത്കാരത്തിനും സത്യാന്വേഷണത്തിനും ഉപയുക്തമായത് എന്ന് സാമാന്യജനം പരക്കെവിശ്വസിക്കാനിടയായി. സൃഷ്ട്യുൻമുഖതയാണ് ഇതിൽ കാണാനിടയായത് എന്നവർ തെറ്റിദ്ധരിച്ചു.

ഇവയുടെ പേരിൽ ശാസ്ത്രത്തെ കുറ്റപ്പെടുത്താൻ ശ്രമിച്ച ചുരുക്കം ചില കലാകാരന്മാരും എഴുത്തുകാരും കിറുക്കന്മാരായി. ശാസ്ത്രത്തിന്റെ പ്രയോഗവത്കരണത്തിൽ തെറ്റുകൾ പറ്റാമെങ്കിലും താത്ത്വികമായി ശാസ്ത്രം അപ്രമാദവും സ്വാതന്ത്ര്യദായകവുമാണെന്നായിരുന്നു ധാരണ. പ്രയോഗവത്കരണത്തിലെ അബദ്ധങ്ങൾക്ക് പോലും കാരണം താത്ത്വികമായ വസ്തുനിഷ്ഠത കൈവിട്ടതായിരുന്നു എന്നും ആരോപണമുണ്ടായി.

മറ്റൊരർഥത്തിൽ, മാനുഷിക വികാരങ്ങൾ നയിച്ചിരുന്ന മേഖലകൾ സാമൂഹിക ജീവിതത്തിൽ ഇനിയും ബാക്കിയുണ്ടായിരുന്നു. ഇവയും കൂടി 'ശാസ്ത്രീയാവബോധത്താൽ' 'സ്വതന്ത്രമാക്കപ്പെട്ടു.' ശാസ്ത്രം ഉണ്ടാക്കുന്ന സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരമായി കൂടുതൽ ശാസ്ത്രത്തെ തന്നെ ഉപയോഗിക്കാമെന്നും ഉപയോഗിക്കണമെന്നും, വാടകഗുണ്ടകൾ നടത്തുന്ന കൊലകൾക്ക് പരിഹാരം മറ്റൊരു കൂട്ടം ഗുണ്ടകളെ ഏർപ്പാടാക്കലെന്നതു പോലെ.

തദൃശാഭിപ്രായങ്ങൾ ഉണ്ടായിരുന്നത് ശാസ്ത്രജ്ഞർക്ക് മാത്രമല്ല, ഉപഭോക്തൃപരത നയിച്ചിരുന്ന സാധാരണക്കാരായ ഇളംതലമുറക്ക് കൂടിയായിരുന്നു. അവർ ജ്യോതിഷത്തിനും കൈരേഖാ ശാസ്ത്രത്തിനും മതകീയവും വിഭാഗീയവും വംശീയവും ദേശീയവുമായ ആചാരാനുഷ്ഠാനങ്ങൾക്ക് വരെ ന്യായീകരണങ്ങൾ ശാസ്ത്ര



കാൾ സാഗൻ

ത്തിൽ തേടാൻ തുടങ്ങി. ഇന്ത്യൻ ഭരണഘടന പ്രോത്സാഹിപ്പിക്കണമെന്നുദ്ദേശിച്ച ശാസ്ത്രീയാവബോധ (scientific temper)ത്തിന്റെ വികൃത രൂപം! വേദങ്ങളുടെ സത്യസന്ധതക്ക് പോലും ശാസ്ത്രീയ മാനദണ്ഡങ്ങൾ തേടുവോളം ശാസ്ത്രം അപ്രമാദിത്വം നേടിയെടുത്തു.

ബ്രൂണോയെ പീഡിപ്പിച്ച ആൾക്കൂട്ട മനോഭാവം തന്നെയാണ് മറ്റൊരു രീതിയിൽ ഇന്നത്തെ ബഹുജനത്തെയും പിടികൂടിയിരിക്കുന്നത്. സ്ഥാപനവത്കൃത ശാസ്ത്രത്തിന് അനുസരണം അടിയറവെച്ച സാമാന്യജനം ചോദ്യങ്ങൾ ചോദിക്കാനും സംശയിക്കാനും മറന്നു തുടങ്ങിയിരിക്കുന്നു. ശാസ്ത്രം അടിച്ചേൽപിക്കുന്ന, നിയമവിധേയമാക്കുന്ന ഓരോ മനുഷ്യത്വരഹിത പ്രവൃത്തിയും വ്യവസ്ഥയുടെ കുറവായി വിശദീകരിക്കപ്പെടുന്നു.

പക്ഷേ, ഇന്ന് ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ആലോചനാശീല മാർജിച്ച നമുക്ക് അൽപം ധൈര്യം സംഭരിച്ച് പറയാം: യുക്തിരഹിതവും പരസ്പരം ഖണ്ഡിക്കുന്നതുമായ അന്ധവിശ്വാസങ്ങളെക്കാളേറെ, നാമഭിമുഖീകരിക്കുന്ന നാഗരിക പ്രതിസന്ധി യുക്തിയുടെ തെറ്റായ അഭിനവ സങ്കൽപത്തിൽനിന്നാണ്. ആധുനിക ശാസ്ത്രം നമുക്കു ചുറ്റും നിർമിച്ച, മാനസിക വിഘടനം സൃഷ്ടിക്കുന്ന കനത്ത ഭിത്തികൾ ഭീതിദമാണ്. ഇവിടെ മനുഷ്യർ, അവരുടെ അനുഭവങ്ങളും കഷ്ടപ്പാടുകളുമുൾപ്പെടെ വെറും സാധനങ്ങളാണ്; 'പ്രക്രിയക'ളാണ്; അചേതന വസ്തുക്കളാണ്. കീറിമുറിക്കേണ്ട, റിപ്പെയർ ചെയ്യേണ്ട, മാറ്റിത്തിരുത്തേണ്ട വസ്തുക്കൾ. സ്ഥാപനവത്കൃത ശാസ്ത്രത്തിന്റെ സയുക്തികതയുടേതായ ഈ അയുക്തികത മനുഷ്യജീവിതത്തെ ആകെ കശക്കിയെറിയും. നമ്മുടെ സംസ്കാരത്തിന്റെ അലകും പിടിയും വേർപ്പെടുത്തും. വ്യക്തിത്വത്തിന്റെ എല്ലാ നിദർശനങ്ങളെയും മാറ്റിമറിക്കും.

നമ്മുടെ ദൈനംദിന സാമൂഹിക ബന്ധങ്ങളെയും പ്രതികരണങ്ങളെയും നിയന്ത്രിക്കാൻ നമുക്കിന്ന് വ്യാജ ശാസ്ത്രങ്ങളുണ്ട്: പേരുകൾ മാനേജ്മെന്റ് എന്നോ ബിസിനസ് എന്നോ പബ്ലിക് റിലേഷൻസ് എന്നോ ആകട്ടെ, സാമ്പത്തിക ശാസ്ത്രം എന്ന ഒരു മന്ത്രവിദ്യ(പതിനെട്ടാം നൂറ്റാണ്ടിൽ ചുട്ടുകരിക്കപ്പെട്ട 'മാന്ത്രിക'രെ ഓർക്കുക) യാണ് ഭാവിയെക്കുറിച്ച നമ്മുടെ സങ്കൽപങ്ങൾ മെനഞ്ഞെടുക്കുന്നത്. ദാരിദ്ര്യത്തെക്കാൾ ഇന്ന് സുപ്രധാന ശ്രദ്ധ ലഭിക്കുന്നത് ദാരിദ്ര്യത്തെക്കുറിച്ച പഠന ഗവേഷണങ്ങൾക്കാണ്. ഇക്വിറ്റി, ജി.എൻ.പി, ഓഹരി വിപണിയിലെ കരടികളും കാളകളും, പണപ്പെരുപ്പത്തിനിടയിലും ലോക സാമ്പത്തിക ശക്തിയിലേക്കുള്ള ഭാരതീയ മുന്നേറ്റം തുടങ്ങിയ നൂറു നൂറു പേരുകളുടെ അർഥം, പി. സായിനാഥ് പറഞ്ഞതുപോലെ, ആത്മഹത്യയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന കർഷകർക്ക് എത്ര ശ്രമിച്ചിട്ടും മനസ്സിലാകുന്നില്ല. ഇതൊന്നും നമുക്ക് മനസ്സിലാകുന്നില്ലെങ്കിൽ നമ്മെ മനോരോഗിക

ളായി സർട്ടിഫൈ ചെയ്യാൻ 'ശാസ്ത്രീയ' സൈക്കോ തെറാപ്പിയുണ്ട്. ശിശുപരിപാലനവും ശിക്ഷണവുമെല്ലാം 'ശാസ്ത്രീയ'മാവണം. വ്യക്തിയുടെ അങ്ങേയറ്റത്തെ സ്വകാര്യതകൾ പോലും നിയന്ത്രിക്കുന്നത് ശാസ്ത്രമാണ്.

ശാസ്ത്രത്തിന്റെ ആദ്യകാല ഗുണങ്ങൾക്ക് പ്രധാന കാരണം വിയോജിക്കാനുള്ള ആർജവവും നിഗൂഢതകളനാവരണം ചെയ്യാനുള്ള ത്വരയുമായിരുന്നു. പക്ഷേ കാലക്രമേണ ശാസ്ത്രം തന്നെ സ്ഥാപനവത്കരിക്കപ്പെട്ട യാഥാസ്ഥിതികതയായി. ഈ പരിണാമത്തിൽ അപകടം പതിയിരിക്കുന്നു.


കഥയിലെ പാഠമിതാണ്: സ്വേഛാധിപത്യത്തിനെതിരെ പടയണി ചേരാൻ യോഗ്യമല്ല ഇന്ന് ശാസ്ത്രം; മറിച്ച് സർവാധികാര പ്രവണതയുടെ സഖ്യകക്ഷിയാണ്. ജനാധിപത്യ മൂല്യസംരക്ഷണാർഥം നമുക്ക് സമൂഹത്തിലെ മറ്റു തലങ്ങളിൽനിന്നാണ് സഹായം ലഭിക്കുക. പ്രതിഷേധിക്കാനിറങ്ങിത്തിരിച്ചവൻ ആസ്ഥാന ശിങ്കിടിയായി മാറിയ ഈ പരിണാമം എങ്ങനെയുണ്ടായി? ലോകം തന്നെ സ്വന്തമാക്കിയ ശാസ്ത്രത്തെ ഇന്നും ആധുനികർ പഴയ ധർമഭടനായി കാണുന്നതിലെന്തർഥമാണുള്ളത്? തീവ്ര സാമൂഹികവിമർശകർ പോലും ശാസ്ത്രത്തെ തൊടാനറക്കുന്നു?

ഒരു കാരണമിതാണ്: തുടക്കത്തിൽ, താത്ത്വികാടിത്തറയുള്ള ഒരു സംരംഭമായിരുന്നപ്പോൾ, ശാസ്ത്രം ബഹുത്വത്തെ അംഗീകരിച്ചിരുന്നു. പക്ഷേ, ഇന്നത്തെ സംഘടിത ശാസ്ത്രരംഗത്ത് ഒരു ശാസ്ത്രജ്ഞന്റെ വ്യക്തിത്വവും സംരക്ഷിക്കപ്പെടാൻ പോകുന്നില്ല. ഇസ്രയേലീ ശാസ്ത്രജ്ഞൻ വെനൂനുവിനെ ഓർക്കുക. സംഘടിത ശാസ്ത്രം, നിക്ഷിപ്ത താൽപര്യം കാത്തുരക്ഷിക്കുന്ന ഒരു ചന്തയായിരിക്കുന്നു. സംഘടിത മതകീയ സംരംഭങ്ങൾ വഴിതെറ്റിയ പോലെത്തന്നെ. ഏതെങ്കിലും ശാസ്ത്രജ്ഞന് തന്റെ ചിന്താഫലം ഈ ചന്തയിൽ വന്ന് വിൽക്കണമെങ്കിൽ മാർക്കറ്റ് നിയമങ്ങൾ അറിഞ്ഞേ തീരൂ. അടിസ്ഥാന വിമർശനത്തെയും ആരോഗ്യകരമായ സന്ദേഹത്തെയും പഴതുപോലെ ഇപ്പോൾ ശാസ്ത്രം സഹിക്കുകയില്ല.

* * * *

*സമയത്തിന്റെ ലഘുചരിത്രം* (A Brief History of Time) എന്ന തന്റെ പുസ്തകത്തിന്റെ അവസാനം സ്റ്റീഫൻ ഹോക്കിംഗ് ഫിസിക്സിന്റെ പരിസമാപ്തി ചർച്ച ചെയ്തുകൊണ്ട് ഒരു 'സമ്പൂർണ സിദ്ധാന്ത'(Theory of Everything)ത്തിന്റെ ആവിഷ്കാരം വിഭാവനം ചെയ്യുന്നു. ഒരുപക്ഷേ ഈ സിദ്ധാന്തവും ഒരു സമവാക്യരൂപത്തിലാവാം. പക്ഷേ, സംഭവിച്ചതും സംഭവിക്കാനുള്ളതുമായ എല്ലാറ്റിനും വിശദീകരണം നൽകാൻ കെൽപുറ്റതായിരിക്കും ആ സിദ്ധാന്തം. അസ്തിത്വ നിയമങ്ങൾ വിശദമാക്കുന്ന, പ്രപഞ്ച ചരിത്രം മുഴുവൻ സുഗ്രാഹ്യമാക്കുന്ന ഒരു ഗണിതശാസ്ത്ര മോഡലായിരിക്കുമത്. നിങ്ങളിത് വായിക്കുമെന്നോ ഒരു പ്രത്യേക ഹിമത്തുള്ളി ഒരു പ്രത്യേക പുൽക്കൊടിയിൽ വീഴുമെന്നോ ഉള്ള അറിവ് പോലും സൂക്ഷ്മ പഠനത്തിൽ ആ മോഡലിൽനിന്ന് ലഭിച്ചിട്ടുണ്ടായിരിക്കണം. ഒരു ഖുർആൻ സൂക്തം ഓർമ വരികയാണ്: "അഭൗതിക രഹസ്യങ്ങളുടെ താക്കോലുകൾ അവന്റെ പക്കൽ തന്നെയാകുന്നു. അവനല്ലാതാരും അതറിയുന്നില്ല. കരയിലും കടലിലുമുള്ളതൊക്കെയും അവനറിയുന്നു. അവനറിയാതെ മരത്തിൽനിന്നൊരു ഇല കൊഴിയുന്നില്ല. അവന്റെ ജ്ഞാനത്തിൽ പെടാതെ ഭൂമിയുടെ ഇരുണ്ട മൂടുപടങ്ങളിൽ ഒരു ധാന്യമണിയുമില്ല. പച്ചയും ഉണങ്ങിയതുമെല്ലാം ഒരു തെളിഞ്ഞ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്" (6:59).

തുടക്കത്തിൽ താരതമ്യേന ദുർഗ്രാഹ്യമായിരിക്കുമെങ്കിലും കാലക്രമേണ പ്രസ്തുത സിദ്ധാന്തവും സാധാരണ ജനങ്ങൾ മനസ്സിലാക്കാൻ തുടങ്ങും; അതിന്റെ




ഗണിത വൈശദ്യങ്ങൾ മനസ്സിലായില്ലെങ്കിൽ പോലും. ന്യൂട്ടന്റെയും ഐൻസ്റ്റീന്റെയും സിദ്ധാന്തങ്ങൾ നമ്മുടെ സംസ്കാരത്തെയും ശാസ്ത്രത്തെയും നയിച്ചില്ലേ? അത് സാമാന്യജനം ഏറക്കുറെ മനസ്സിലാക്കിയില്ലേ? അതുപോലെ തന്നെ, 'സമ്പൂർണസിദ്ധാന്തം' നമ്മുടെ ജീവിതത്തിന്റെ അവിഭാജ്യ ഭാഗമാകുമത്രെ.

ഹോകിംഗ് എഴുതുന്നു, "അങ്ങനെ നാമെല്ലാം - ശാസ്ത്രജ്ഞരും തത്ത്വചിന്തകരും സാധാരണക്കാരും പങ്കെടുക്കുന്ന ഒരു ചർച്ച ഉരുത്തിരിയും. പ്രപഞ്ചവും നാമും എന്തുകൊണ്ട് നിലവിൽ വന്നു എന്നതിനെക്കുറിച്ച്. അതിനുത്തരം കണ്ടെത്തിയാൽ മനുഷ്യന്റെ യുക്തിചിന്തയുടെ പരമമായ വിജയമായിരിക്കുമത്. ദൈവത്തിന്റെ മനസ്സ് നാം വായിച്ചെടുത്തതിന് തുല്യം."

ശാസ്ത്രത്തെ അവതരിപ്പിക്കുന്ന ഹോക്കിംഗിന്റെ ഒരു പ്രത്യേക രീതിയായിരിക്കുമിത്. ശാസ്ത്രത്തെ ജനപ്രിയരീതിയിൽ അവതരിപ്പിച്ച ജേക്കബ് ബ്രോണോവ്സ്കി, കാൾ സാഗൻ തുടങ്ങിയ മറ്റ് എഴുത്തുകാരും ഇമ്മട്ടിലൊക്കെ പറഞ്ഞിട്ടുണ്ട്. അതായത്, ശാസ്ത്രം മഹത്തായ പുരോഗതിയുടെ പ്രകടമായ ഒരു നിദർശനമാണ്; എത്രയൊക്കെ നിഗൂഢതകൾ ആദ്യമൊക്കെ അതിലുണ്ടെങ്കിലും, മനുഷ്യ ഭാവനയുടെ സ്വാഭാവികവും അനിവാര്യവുമായ പരിണതിയാണത്; മൗലിക പ്രധാന ശാസ്ത്രം എല്ലാ ചോദ്യത്തിനും ഉത്തരം ഒരിക്കൽ കണ്ടെത്തുക തന്നെ ചെയ്യും.

ദൈവത്തെയും അവർ വലിച്ച് കൊണ്ടു വരുന്നുണ്ട്. ഹോകിംഗിന്റെ ഗ്രന്ഥത്തിന് എഴുതിയ ആമുഖത്തിൽ സാഗൻ എഴുതി: "ദൈവത്തെക്കുറിച്ച ഒരു ഗ്രന്ഥം കൂടിയാണിത്; അല്ല, ദൈവത്തിന്റെ അസാന്നിധ്യത്തെക്കുറിച്ച്. ഈ പുസ്തകത്തിന്റെ പേജുകൾ നിറയെ ദൈവം എന്ന വാക്കുണ്ടെങ്കിലും" ദൈവത്തെ തേടി മതങ്ങൾ നടത്തിയ അന്വേഷണത്തിന്റെ തുടർച്ചയാണിത്; അവന്റെ ഇംഗിതം എങ്ങനെ നടപ്പാക്കാമെന്നതിനെക്കുറിച്ചും എന്നാണ് മറ്റൊരു നിലക്ക് അവർ വാദിക്കുന്നത്.

അതായത്, ശാസ്ത്രമാണ് മനുഷ്യനെന്ന പദ്ധതി. നമ്മെക്കൊണ്ട് ഉദ്ദേശിക്കപ്പെട്ടതെന്തോ അതാണ് ശാസ്ത്രം. അത് മാത്രമാണ് ഒരേ ഒരു സാഹസികാന്വേഷണം. എല്ലാകാലത്തും മനുഷ്യരെന്ന വ്യതിരിക്തത നമുക്ക് നൽകിയതാണത്. മൃഗങ്ങളിൽനിന്ന് നമ്മെ വേർതിരിക്കുന്ന ശാസ്ത്രവും സാങ്കേതിക വിദ്യയും മനുഷ്യ ചരിത്രത്തിന്റെ ഒരു നൈരന്തര്യമാണ്. പ്രാകൃത നുകത്തിന്റെയും ചക്രത്തിന്റെയും പിൻഗാമികളാണ് ആപേക്ഷിക സിദ്ധാന്തവും മൈക്രോ വേവ് അടുപ്പും. ഇവയുടെയെല്ലാം പിന്നിൽ പ്രവർത്തിച്ച അന്തഃചോദന ഒന്നു തന്നെ; മനുഷ്യ ചിന്ത രൂപം കൊടുത്തവയാണവ.

ഖുർആൻ മനുഷ്യനെയും ഇതര ജന്തുക്കളെയും വേർതിരിക്കുന്നതായി വിവരിക്കുന്ന, ദൈവദത്തമായ, സ്വസമ്മതത്തോടെ ദൈവത്തിൽനിന്ന് മനുഷ്യൻ ഏറ്റുവാങ്ങിയ ഒന്നാണ് 'അമാനത്ത്' (ട്രസ്റ്റ്). ആ 'അമാനത്തി'ന്റെ നിലയിലേക്ക് ശാസ്ത്രത്തെ ഉയർത്തിക്കെട്ടുകയാണിവർ. ശാസ്ത്രം മാത്രമാണ് സമ്പൂർണമായ ഏക വസ്തുത എന്ന ഈ വാദഗതി സമ്മോഹനമായ പ്രചാരണ പരസ്യങ്ങളാണ്. നമ്മെ വഴിതെറ്റിച്ച പ്രചാരണം. 'സയന്റിസം' എന്ന് വ്യവഹരിക്കാവുന്ന വാചകകസർത്തുകൾ. ഈ അധീശത്വ പ്രവണത എല്ലാ ശാസ്ത്രശാഖകൾക്കും തനതായുള്ളതാണ്.

ശാസ്ത്ര സാങ്കേതിക വിദ്യയുടെ വ്യാപകമായ ഉപയുക്തത ഉണ്ടാക്കിയ കൃതജ്ഞതാ വികാരം നമ്മിൽ അറിയാതെത്തന്നെ ഈദൃശ അവകാശവാദങ്ങളെ- ശാസ്ത്രത്തിന് മാത്രമേ ദൈവത്തിലേക്കെത്തിച്ചേരാൻ കഴിയൂ എന്നതടക്കം- ആദരപൂർവം അംഗീകരിച്ച് കൊടുക്കാനുള്ള പ്രവണത സൃഷ്ടിക്കുന്നു. എന്തു മാത്രം കാര്യങ്ങളാണ് ശാസ്ത്രം നമുക്ക് നേടിത്തന്നതല്ലേ! അപ്പോൾ ജീവിതത്തിലെ ഏറ്റവും വലിയ പ്രഹേളികയും പരിഹരിക്കാൻ ശാസ്ത്രത്തിന് മാത്രമേ കഴിയുകയുള്ളൂ. ആകാശത്ത് പറക്കലും വൈദ്യുതി കൊണ്ട് വെള്ളം തിളപ്പിക്കലും എല്ലാം ഒരർഥത്തിൽ അദ്ഭുത പ്രതിഭാസങ്ങളല്ലേ. ദൈവ സങ്കൽപത്തിലും അദ്ഭുതങ്ങൾക്കല്ലേ സ്ഥാനം?

ശരിയാണ്. എന്തൊക്കെ കുറ്റം പറഞ്ഞാലും ശാസ്ത്രത്തിന്റെ വിജയഗാഥ അതിന്റെ ചെയ്തികളിൽ കാണാം. മഹാമാരികളെ കീഴടക്കാനുതകിയ ഔഷധങ്ങളും പ്രതിരോധ കുത്തിവെപ്പുകളും ശസ്ത്രക്രിയകളും. പറക്കുന്ന, കത്തിക്കുതിക്കുന്ന വിമാനങ്ങളും റോക്കറ്റുകളും മിസൈലുകളും. രാസവളങ്ങൾ വരുത്തിയ ഹരിത വിപ്ലവങ്ങളും. ഇങ്ങനെ എന്തെല്ലാം!

പ്രകൃതി വിഭവ സമൃദ്ധമായ രാജ്യത്ത് പട്ടിണി കിടക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം ശാസ്ത്രം മാത്രമാണ്. തങ്ങളുടെ വിധി സ്വീകരിക്കാനാണ് പുരോഹിതന്മാർ ദരിദ്രരോടും ഏഴകളോടും പറയുന്നത്. അതിനെതിരെ സമരം ചെയ്യാനാണ് രാഷ്ട്രീയക്കാരൻ ആവശ്യപ്പെടുക. ശാസ്ത്രകാരൻ മാത്രമാണ് അത് പരിഹരിക്കാനാവശ്യമായ വഴികൾ തേടുക. ശാസ്ത്രത്തിന്റെ സന്ദേശവും അതു തന്നെയാണ്; പ്രശ്നപരിഹാരം എന്നും ശാസ്ത്രം കാണിച്ചുതരുന്നു. നിങ്ങളുടെ വീട്ടിലെ സ്വാനഗ്രാഹിയിലെ പാട്ടുകൾക്ക് ഗുണം പോരേ? എങ്കിൽ ഇതാ ഒരു സി.ഡി. മഹാമാരികളെ തടയണോ? ഇതാ, കുത്തിവെപ്പുകൾ. ചന്ദ്രനിൽ പോകണോ? ഇതാ, ഒരു റോക്കറ്റ്. വിശക്കുന്നോ? വിളവെടുപ്പ് വർധിപ്പിക്കുന്ന, ജനിതകമാറ്റം വരുത്തിയ വിത്തുകളും വളങ്ങളും ഇതാ. (അവ അന്തക വിത്തുകളാക്കിയതിലൂടെ കുറച്ചു കമ്പനികൾക്ക് പണം വാരാം; എങ്കിലെന്ത്!) വിഷാദമാണോ പ്രശ്നം? ഇതാ, ഈ ഗുളിക കഴിക്കൂ. ശാസ്ത്രം നമുക്ക് ആത്മവിശ്വാസം തരുന്നു; അത് ഉത്ഭവിക്കുന്ന സംസ്കാരത്തെ നിങ്ങൾ തള്ളിപ്പറയുന്നുണ്ടെങ്കിലും. പാശ്ചാത്യരെയും അവരുടെ സംസ്കാരത്തെയും വിമർശിക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നവർക്കും വേണം അവരുടെ മിസൈലുകളും വിമാനങ്ങളും.

ഈ സമ്മോഹന വാഗ്ദാനങ്ങളും പ്രചാരണങ്ങളും തുടരുകയാണ്. ആധുനിക ശാസ്ത്രം തികച്ചും പാശ്ചാത്യമാണ്. മറ്റൊരു സംസ്കൃതിയും ഇത്രയും ഫലപ്രദമായ ഒരു ജീവിതരീതി ആവിഷ്കരിച്ചിട്ടില്ല. അതിന്റെ വിമർശകരും അതിന്റെ പ്രയോക്താക്കളാണ്; അതിനെ ആശ്രയിക്കുന്നവരാണ്: വിളവെടുപ്പിനും ചികിത്സക്കും മനുഷ്യനെ കൂട്ടക്കൊല ചെയ്യാനും. അങ്ങനെ ചെയ്യുന്നത് കൊണ്ട് ദോഷമില്ലെന്നവർ സ്വയം ആശ്വസിക്കുന്നു. കാരണം, ശാസ്ത്രം മൂല്യനിരപേക്ഷമായ ഒരിറക്കുമതി മാത്രമല്ലേ? എണ്ണ കുഴിച്ചെടുക്കാൻ പാശ്ചാത്യന്റെ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതുകൊണ്ട് തങ്ങളുടെ മതത്തിന് ഭീഷണിയുണ്ടാകുമെന്ന് ഒരിസ്ലാമിക രാജ്യവും കരുതിയിട്ടില്ല. ശാസ്ത്രത്തിന്റെ ഈ ഉപയുക്തയിൽ കൂടുതൽ ആഴത്തിലുള്ളതൊന്നും വായിച്ചെടുക്കാനില്ലെന്നാണ് സങ്കൽപം. കാര്യങ്ങൾ നടക്കാൻ അത് വേണം. ജീവിതത്തിലെ ആത്യന്തിക യാഥാർഥ്യങ്ങളെക്കുറിച്ച് ഗീർവാണം പ്രസംഗിക്കാൻ മുതിരാത്തതിനാൽ (മൂല്യനിരപേക്ഷ) ശാസ്ത്രം നമ്മുടെ വിശ്വാസങ്ങൾക്ക് ഭീഷണിയല്ല. ഖുർആൻ സത്യവേദം, ശാസ്ത്രമോ കാര്യങ്ങളെങ്ങനെ നടക്കുന്നു എന്ന് വിവരി

ക്കുന്ന കൈപ്പുസ്തകവും; ഇങ്ങനെ പോകുന്നു സ്വയം ആശ്വസിക്കൽ.

* * * *

പാശ്ചാത്യ ഭൗതിക കഴിവുകൾ പങ്കിടാൻ ആഗ്രഹിക്കുന്നവർക്ക് എടുത്തുപയോഗിക്കാവുന്ന നിർദോഷമായ ഒരു നിഷ്പക്ഷ വസ്തു അല്ല ശാസ്ത്രം. മറിച്ച് ആത്മീയ മൂല്യങ്ങളെ കാർന്നു തിന്നുന്നതാണത്; പാരമ്പര്യങ്ങളെയും പൈതൃകങ്ങളെയും കരിച്ചു കളയുന്നതാണത്. മറ്റൊന്നുമായും സമാധാനപരമായി സഹവർത്തിക്കാൻ അതിന് കഴിയില്ല. ആധുനിക കാലത്തെ മാന്ത്രികരും ഐന്ദ്രജാലികരും, വിച്ച് ഡോക്ടർമാരുമായി മാറിയിരിക്കുന്നു ശാസ്ത്രജ്ഞർ. അവരുടെ അത്ഭുത വൃത്തികളാണ് നമ്മുടെ ഇന്നത്തെ മാന്ത്രികച്ചരടുകൾ. അവരുടെ പരീക്ഷണങ്ങൾ നമ്മുടെ അനുഷ്ഠാനങ്ങളും.

എല്ലാ മത്സരങ്ങളെയും വിപാടനം ചെയ്തു വിരാജിക്കുന്ന ശാസ്ത്രം നമുക്ക് നീട്ടുന്ന ജീവിതം ഏത് രീതിയിലുള്ളതായിരിക്കും? നമ്മുടെ മസ്തിഷ്കങ്ങളെയും ജീവിതത്തിന് നാം കൽപിക്കുന്ന അർഥങ്ങളെയും അത് എങ്ങനെയാണ് മാറ്റി മറിക്കുക? ഈ ചോദ്യങ്ങൾ നാം നേരത്തെ സൂചിപ്പിച്ച 'ഹോക്കിംഗിന്റെ ദൈവത്തി'ലേക്കെത്തിക്കുന്നു.

ശാസ്ത്രം ഫലപ്രദമാണ്. പക്ഷേ, നമ്മെക്കുറിച്ച് നാം എങ്ങനെ ജീവിക്കണമെന്നതിനെക്കുറിച്ച് അതിനെന്താണ് പറയാനുള്ളത്? ഉത്തരം ഒറ്റവാക്കിൽ പറയാം: 'ഒന്നുമില്ല,' ശാസ്ത്രത്തിന്റെ അവകാശവാദം തന്നെ അതാണ്: അതിന് മതകീയമായ, ധാർമികമായ, വിശ്വാസപരമായ ഒരു പരിവേഷം കെട്ടാനാവില്ലെന്ന്. എന്തുകൊണ്ട് നാം ചില കാര്യങ്ങൾ ചെയ്യണം/ചെയ്യരുത്; എങ്ങനെ നാം ജീവിക്കണം എന്ന് നമ്മോട് പറയാനാവില്ല. 'പരിഹാരങ്ങൾ' മാത്രമേ അതിന് നിർദേശിക്കാനുള്ളൂ. അതെ, ആദ്യം 'പ്രശ്നങ്ങൾ' സൃഷ്ടിക്കുക; എന്നിട്ട് 'പരിഹാരങ്ങൾ' അന്വേഷിക്കുക.

എന്നാൽ ഈ പരിഹാരങ്ങൾ അന്തിമമോ ശാശ്വതമോ അല്ലതാനും; നൈമിഷികം മാത്രം. കൂടുതൽ നല്ല ഒന്ന് വഴിയേ കണ്ടെത്താനായാൽ ഇത് നമുക്ക് വലിച്ചെറിയാം. ഇത് കണ്ടറിയാഞ്ഞതാണ് കമ്യൂണിസത്തിന് പറ്റിയ അമളി. സമൂഹസംവിധാനത്തിന്റെ ശാസ്ത്രീയ മാർഗമാണ് കമ്യൂണിസമെന്നായിരുന്നല്ലോ സങ്കൽപം. പക്ഷേ, പാവം മാർക്സും എംഗൽസും തെറ്റിദ്ധരിച്ചു പോയി, ശാസ്ത്രം അന്തിമ സത്യമാണെന്ന്; ചരിത്രത്തെ മുഴുവൻ വ്യാഖ്യാനിക്കാൻ ശാസ്ത്രം മതിയെന്നും. സമൂഹ മനഃസാക്ഷിയെ അതിന് കീഴ്പ്പെടുത്തുകയേ വേണ്ടൂ.

എന്നാലോ, ഒരു പ്രത്യേക പരിഹാരത്തിനോ രീതിശാസ്ത്രത്തിനോ അന്തിമവും ശാശ്വതവുമായ പ്രതിബദ്ധത അർപ്പിക്കുക എന്നതു തന്നെ ശാസ്ത്രത്തിന് അചിന്ത്യമാണ്. ശരിയാകാൻ സാധ്യതയുള്ളതാണിത്; പക്ഷേ, കൂടുതൽ ശരിയും കൂടുതൽ ഫലപ്രദവും വഴിയേ കണ്ടുപിടിച്ചേക്കാം - ഇത്രമാത്രമാണതിന്റെ തത്ത്വശാസ്ത്രം.

ഫ്രാൻസിസ് ഫുക്കുയാമയുടെ'ചരിത്രവും അന്തിമമനുഷ്യനും' എന്ന ഗ്രന്ഥം മുന്നോട്ടു വെക്കുന്ന സിദ്ധാന്തം, ചരിത്രവികാസത്തിന്റെ പരിസമാപ്തിയാണ് ആധുനിക ജനാധിപത്യ വ്യവസ്ഥ എന്നാണ്. എന്നാൽ, ചരിത്രം പഠിപ്പിക്കുന്ന ഏറ്റവും വലിയ പാഠം, ചരിത്രം ചാക്രികമാണ്, രേഖീയമല്ല എന്നതാണ്. ഉത്ഥാനപതനങ്ങൾ അതിന്റെ നാഴികക്കല്ലുകളാണ്. ലിബറൽ ഡമോക്രസി അതിന്റെ ഉള്ളിലെ ജീർണതകളാൽ സ്വയം കുഴി തോണ്ടിക്കൊണ്ടേയിരിക്കുന്നു. മറ്റൊരു വ്യവസ്ഥക്ക് അത് വഴി മാറും. ശാസ്ത്രത്തിനും അതിന്റെ അപ്രമാദിത്വത്തിൽനിന്ന് താഴോട്ടിറങ്ങേണ്ടിവരും.